## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4617 13/11/2019 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ സംയോജനം

ചോദ്യം

**ശ്രീ. സി.കൃഷ്ണൻ**
**ശ്രീ. ബി.സത്യൻ**
**ശ്രീ. പി.കെ. ശശി**
**ശ്രീ. വി. കെ. സി. മമ്മത് കോയ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ച് ശാക്തീകരിക്കുന്നകാര്യം സർക്കാർ പരിഗണനയിലാണ്. |
| (ബി) | ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ വിവരങ്ങൾ സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത് അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ; | (ബി) | ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ വിവരങ്ങൾ സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്ത് അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വിവിധ ക്ഷേമനിധി പദ്ധതികളിലെ അംശദായം അടയ്ക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | ക്ഷേമനിധി ബോർഡുകളിലെ അംശദായം ഒടുക്കലും ആനുകൂല്യ വിതരണവും ഏകീകൃത സോഫ്റ്റ്വെയർ സംവിധാനത്തിലാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനുമുന്നോടിയായി - അംഗത്വം ഇരട്ടിപ്പിക്കൽ ഒഴിവാക്കി രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിന് AIIS സോഫ്റ്റ്വെയർ മുഖേന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ